Madhyamam 13.11.17



ചേറ്റുവയിലെ കണ്ടൽക്കാട്ടിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യം നീക്കുന്ന വിദ്യാർഥികൾ

# കണ്ടൽക്കാടിന് പുതുജീവൻ

- അഞ്ച് മണിക്കൂറിൽ വിദ്യാർഥികൾ നീക്കിയത് 20 ചാക്ക് മാലിന്യം

**ചേറ്റുവ:** കണ്ടൽക്കാടുകളിൽനിന്ന് അഞ്ച് മണിക്കൂറിൽ കുട്ടികൾ നീക്കിയത് 20 ചാക്ക് പ്ലാസ്റ്റിക് മാലിന്യം. സാമൂഹിക വനവത്കരണ വിഭാഗവുമായി സഹകരിച്ച് കാർഷിക സർവകലാശാല ഫോറസ്ട്രി കോളജിലെ മുപ്പതോളം കുട്ടികളാണ് മാലിന്യം നീക്കിയത്. രാവിലെ ആറരയോടെ തുടങ്ങിയ പ്രവൃത്തി പതിനൊന്നരയോടെയാണ് പൂർത്തിയാക്കിയത്. വനം വകുപ്പ് അസി. കൺസർവേറ്റർ എ. ജയമാധവൻ, സാമൂഹിക പ്രവർത്തകൻ രവി പനക്കൽ, ഡോ. പി.എ. നമീർ എന്നിവർ പങ്കെടുത്തു.